വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്

(ബി) ഇല്ല.

(സി) വന പ്രദേശങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് വനം വകുപ്പ് മുൻഗണന നൽകി വരുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

പഴം, പച്ചക്കറി സംസ്ക്കരണശാല

29 (*235) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് പഴം, പച്ചക്കറി സംസ്കരണശാല സ്ഥാപിക്കുന്നതിന് വേണ്ടി 50 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നോ ;

(ബി) ഇതിലേയ്ക്കായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന എന്തെങ്കിലും ബൃഹത് പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വെളിപ്പെടുത്താമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല. എന്നാൽ കെ. എച്ച്. ഡി. പി. യുടെ മൂവാറ്റുപുഴയിലെ ഫാക്ടറിയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന കൈതച്ചക്ക പഴച്ചാറിന് വിദേശ വിപണി കണ്ടെത്താൻ സഹായിക്കാമെന്ന് ബോർഡ് സമ്മതിച്ചിട്ടുണ്ട്.

(ബി) ഡയറി ഡവലപ്മെന്റ് ബോർഡിന്റെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റോഡ്-സുരക്ഷാ ഉന്നതാധികാര സമിതി

30(*236) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി, 'നാറ്റ്പാക്' പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) റോഡു സുരക്ഷാ ഉന്നതാധികാര സമിതി സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ഇതിന് എന്തെല്ലാം ഫലങ്ങൾ ഉണ്ടാക്കാനായിട്ടുണ്ടെന്നും അറിയിക്കാമോ ;

(ഡി) സംസ്ഥാനത്ത് ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 12-7-1999 ൽ ഒ.പി. നമ്പർ 5245/93. ഒ.പി. നമ്പർ 17480/96 എന്നിവയിലുള്ള സംയുക്ത വിധികളിൽ മോട്ടോർ വാഹനനിയമം 129-ാം വകുപ്പനുസരിച്ച് ഹെൽമറ്റ് നിർബന്ധമാക്കുകയും ഇത് നടപ്പിലാക്കുന്നതിന് 3 മാസത്തെ ആവകാശം അനുവദിക്കുകയും ചെയ്തു. എന്നാൽ സർക്കാർ സമർപ്പിച്ച സി. എം. പി. നമ്പർ 5616/99 പരിഗണിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 14-10-1998 മുതൽ 3 മാസത്തെ സാവകാശം കൂടി അനുവദിച്ച് 14-1-2000 മുതൽ പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിവിധയിനങ്ങളിലൂടെ ലഭിക്കുന്ന നികുതി

1 (1056) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എക്സൈസ്, സെയിൽസ് ടാക്സ് രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ് എന്നീ ഇനങ്ങളിലുള്ള നികുതികളിലൂടെ ഈ സാമ്പത്തിക വർഷം 30-11-1999 വരെ എന്തു തുക ലഭിച്ചു ;

(ബി) ഈ ഇനത്തിൽ എന്തു തുക വീതം പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly